**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 608** **01.12.2015 ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ടപ് വ്യവസായരംഗം**

| ചോദ്യം<br>**ശ്രീ.കെ.എൻ.എ.ഖാദർ** | | മറുപടി<br>**ശ്രീ. പി കെ കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
|---|---|---|
| (എ) സ്റ്റാർട്ടപ് വ്യവസായ രംഗത്ത് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നിക്ഷേപം കുറയുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല |
| (ബി) പ്രസ്തുത രംഗത്ത് സംസ്ഥാനം പിന്നോക്കം പോകുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തിയ കാരണങ്ങൾ എന്തെല്ലാമെന്നാണ് വെളിപ്പെടുത്തുമോ ; | (ബി) | ഉത്തരം (എ) യുടെ വെളിച്ചത്തിൽ ബാധകമല്ല. |
| (സി) പ്രസ്തുത രംഗത്തെ നിക്ഷേപകരെ ആകർഷിക്കുന്ന തരത്തിൽ എന്തെല്ലാം അനുകൂല ഘടകങ്ങളാണ് സംസ്ഥാനം വാഗ്ദാനം ചെയ്തിട്ടുള്ളത് ;<br>(ഡി) പ്രസ്തുത രംഗത്തെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി കൂടുതൽ നിക്ഷേപം ലഭ്യമാക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുമോ ? | (സി) യും (ഡി) യും | 12.05.2015 ലെ സ.ഉ.(കൈ) 14/2015/വി.സാ.വ. നമ്പർ ഉത്തരവ് പ്രകാരം കേരളാ ടെക്നോളജി സ്റ്റാർട്ടപ്പ് പോളിസി പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിലെ യുവതി യുവാക്കളെ ശാസ്ത്ര സാങ്കേതിക മേഖലകളിൽ വളർത്തിയെടുക്കുക, അവരിലെ കഴിവുകളെ പ്രോത്സാഹിപ്പിക്കുക, അവരുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടെ രൂപം കൊടുത്ത പോളിസിയാണ് കേരളാ ടെക്നോളജി സ്റ്റാർട്ടപ്പ് പോളിസി. മികച്ച രീതിയിൽ ഇങ്കുബേഷൻ നൽകി ഉയർന്ന നിലവാരമുള്ള കമ്പനികളാക്കുന്നതിനുള്ള സാഹചര്യം സ്റ്റാർട്ടപ്പുകൾക്ക് നൽകി വരുന്നു.<br>നിക്ഷേപകരെ ആകർഷിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെ ചേർക്കുന്നു:-<br>1. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലും സർക്കാർ ഐ.ടി പാർക്കുകളിലും വ്യവസായ പാർക്കുകളിലും ഉന്നത വിദ്യാഭ്യാസ |

സ്ഥാപനങ്ങളിലും ഇൻകുബേഷൻ സൗകര്യം ഒരുക്കുക.

2. ഇൻകുബേഷൻ ഇൻഫ്രാസ്ട്രക്ചർ വികസന ഫണ്ട് രൂപീകരിയ്ക്കുക.

3. ടെസ്റ്റിംങ് ലാബ്, ഡിസൈൻ ലാബ്,ഫാബ് ലാബ് തുടങ്ങിയ പൊതു അടിസ്ഥാന സൗകര്യ വികസനം

4. ലോകോത്തര നിലവാരമുള്ള ആക്സിലറേറ്ററുകൾ സ്ഥാപിക്കുക

5. സ്റ്റാർട്ട്അപ്പ് സംരംഭങ്ങൾക്ക് ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയും മറ്റ് സാമ്പത്തിക സഹായങ്ങളും എളുപ്പത്തിൽ ലഭ്യമാക്കുക.

സംരംഭകരാകുന്നതിനുള്ള തൽപര്യം ജനിപ്പിക്കുകയും പ്രോത്സാഹനം നൽകുകയും വിവിധ പരിശീലന പരിപാടികളിലൂടെ അവരെ പ്രാപ്തരാക്കുകയും ചെയ്തു കൂടുതൽ യുവ സംരംഭകരെ വാർത്തെടുക്കുന്നതിനുള്ള യുവ സംരംഭകത്വ വികസന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഘടകങ്ങൾ താഴെ പറയുന്നവയാണ്.

**റാസ്പ്ബെറി പൈ പ്രോഗ്രാം-** വിദ്യാർത്ഥികളിലെ പ്രോഗ്രാമ്മിംഗ് നൈപുണ്യം വികസിപ്പിക്കുവാൻ സംസ്ഥാന സർക്കാർ രൂപം നൽകിയ പദ്ധതിയാണ് റാസ്പ്ബെറി പൈ പ്രോഗ്രാം.

**നേതൃത്വ പരിശീലന പരിപാടി-** വിദ്യാർത്ഥികളിൽ നേതൃത്വ പരിശീലന പാടവം വളർത്തുവനായി സ്റ്റാൻഫോർഡും ഹാർവാർഡും പോലുള്ള യുണിവേഴ്സിറ്റികൾ സന്ദർശിക്കാൻ അവസരം ഒരുക്കുക എന്ന ലക്ഷ്യത്തോടെ നേതൃത്വ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്തു വരുന്നു.

**അന്തർദേശീയ സംരംഭകത്വ എക്സ്ചേഞ്ച് പരിപാടി-** വിദ്യാർത്ഥികളെ വിവിധ അന്തർദേശീയ കോൺഫെറൻസുകളിൽ പങ്കെടുപ്പിക്കുക എന്ന ലക്ഷ്യത്തോടെ രൂപം നൽകിയ പദ്ധതിയാണ് അന്തർദേശീയ സംരംഭകത്വ എക്സ്ചേഞ്ച് പരിപാടി.

**സ്റ്റാർട്ടപ്പ് ബൂട്ട്ക്യാമ്പ് -** കേരളത്തിലെ വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്തുവാനും നൂതന ആശയങ്ങൾക്കു പ്രോത്സാഹനം

നൽകുവാനുമായി സംസ്ഥാന സർക്കാർ രൂപം കൊടുത്ത പദ്ധതിയാണ് സ്റ്റാർട്ട് അപ്പ് ബൂട്ട്ക്യാമ്പ് .

**ഫാബ് ലാബ്** - ഇലക്ട്രോണിക്സ് മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും ഇതിലേക്ക് കൂടുതൽ വിദ്യാർത്ഥികളെ ആകർഷിപ്പിക്കുവാനുമായി തിരുവനന്തപുരത്തെ ടെക്നോപാർക്കിലും കൊച്ചിയിലെ ടെക്നോളജി ഇന്നവേഷൻ സോണിലും ഫാബ് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്.

**സ്റ്റാർട്ട് അപ്പ് ബോക്സ് ക്യാമ്പയിൻ**- കേരളത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളെ സംരംഭകരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ സംരംഭകത്വ പ്രചരണ പരിപാടി സംഘടിപ്പിക്കുവാനും വിദ്യാർത്ഥികൾക്ക് സ്റ്റാർട്ട് അപ്പ് ബോക്സുകൾ വിതരണം ചെയ്യുവാനുമായി രൂപം നൽകിയപദ്ധതിയാണ് സ്റ്റാർട്ട് അപ്പ് ബോക്സ് ക്യാമ്പയ്ൻ.

**നാസ്കോം വെയർഹൗസ്** - എറണാകുളം ഇൻഫോപാർക്കിൽ 10000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു സ്റ്റാർട്ടപ്പ് വെയർഹൗസ് നാസ്കോമുമായി സഹകരിച്ച് സ്ഥാപിച്ചിട്ടുണ്ട്.

**കീആക്സിലറേറ്റർ** - ഇൻകുബേഷൻ കഴിഞ്ഞ കമ്പനികൾക്ക് അവരുടെ വികസനത്തിനായി ഒരു ടെക്നോളജി ബിസിനസ് accelerator കിൻഫ്രയുടെ ഫിലിം ആന്റ് വീഡിയോ പാർക്കിൽ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു.

**സ്റ്റാർട്ടപ്പ് ഐ 3** - ആശയ രൂപികരണം മുതൽ ഉത് പന്നമാകുന്ന വരെയുള്ള കാര്യങ്ങൾ ഉൾപ്പെടുത്തി കോളേജ് തലത്തിൽ സ്റ്റാർട്ടപ്പ് ഐ 3 പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ